## സിമെന്റ് സൂക്ഷിക്കുന്നതിനുള്ള അറ കെട്ടിട നിർമ്മിതിയല്ല; അറ നിർമ്മാണ സാമഗ്രികൾക്ക് ഇൻപുട്ട് നികുതി ഇളവിന് അർഹതയുണ്ട്

### കേരള ഹൈക്കോടതി

O.T. Rev. No. 60/2017 Dt. 12.11.2019

സ്റ്റേറ്റ് ഓഫ് കേരള

x

അംബുജ സിമെന്റ്സ് ലിമിറ്റഡ്

സിമെന്റ് നിർമ്മാണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്ന കമ്പനിയാണ് അംബുജ സിമെന്റ്സ്. 2007–2009 വർഷങ്ങളിൽ അമ്പത്തിയേഴ് ലക്ഷത്തോളം രൂപ വിലമതിക്കുന്ന മൂലധന സാമഗ്രികൾ കമ്പനി വാങ്ങി. സിമെന്റ് സൂക്ഷിക്കുന്നതിനുള്ള അറകളും അനുബന്ധ യന്ത്രങ്ങളും നിർമ്മിക്കുന്നതിനാവശ്യമായ സാധനസാമഗ്രികളാണ് മേൽപറഞ്ഞ തുക ചെലവാക്കി വാങ്ങിയത്. ഉരുക്കു കമ്പികളും സിമെന്റുമാണ് പ്രധാന അസംസ്കൃത വസ്തുക്കൾ. തുറമുഖത്ത് നങ്കൂരമിട്ട കപ്പലിൽ നിന്ന് ഇരുമ്പ് കുഴലിലൂടെ ഉന്നത മർദ്ദമുപയോഗിച്ച് പുറത്തിറക്കുന്ന സിമെന്റ് ചെന്നു ചേരുന്നതാണ് കമ്പനി പണിത അറ. പ്രസ്തുത അറ നിർമ്മിക്കുന്നതിനുള്ള സാമഗ്രികൾ മൂലധന സാമഗ്രികളാണെന്ന് അവകാശപ്പെട്ട കമ്പനി അവയ്ക്ക് ഇൻപുട്ട് നികുതി ഇളവ് നല്കണമെന്ന് നികുതി അധികൃതരോട് ആവശ്യപ്പെട്ടു. നികുതി നിർണ്ണയാധികാരി പ്രസ്തുത ആവശ്യം നിരസിച്ചു. അറ കെട്ടിട നിർമ്മിതിയാണെന്നും യന്ത്ര സംവിധാനമല്ലെന്നുമുള്ള ന്യായത്തിന്മേലാണ് പ്രസ്തുത അധികാരി കമ്പനിയുടെ ആവശ്യം നിരാകരിച്ചത്. ഇതിനെതിരെ കമ്പനി വാണിജ്യ നികുതി ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. അറ നിർമ്മാണത്തിന് വാങ്ങിയ ഒമ്പത് വസ്തുക്കളിൽ രണ്ടെണ്ണം മാത്രമാണ് മൂലധന സാമഗ്രിയെന്നും മറ്റ് ഏഴെണ്ണം കെട്ടിട നിർമ്മാണ വസ്തുക്കളാണെന്നും വിലയിരുത്തിയ ഡെപ്യൂട്ടി കമ്മീഷണർ ആദ്യം പ്രസ്താവിച്ച രണ്ട് സാമഗ്രികൾക്ക് മാത്രം ഇൻപുട്ട് നികുതി ഇളവ് അനുവദിക്കുകയും ചെയ്തു. ഇതിനെതിരെ കമ്പനി ട്രൈബ്യൂണൽ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. കമ്പനി നിർമ്മിച്ച അറ കെട്ടിട നിർമ്മിതിയല്ലെന്നും സിമെന്റ് സൂക്ഷിക്കുന്നതിനുള്ള യന്ത്ര സംവിധാനത്തിന്റെ ഭാഗമാണെന്നും കമ്പനി വാദിച്ചു. ഉരുക്കു കമ്പികളും സിമെന്റും ഉപയോഗിച്ചുള്ള നിർമ്മിതി കെട്ടിടമാണെന്നും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സാമഗ്രികൾക്ക് ഇൻപുട്ട് നികുതി ഇളവ് നല്കാൻ വ്യവസ്ഥയില്ലെന്നും സംസ്ഥാന സർക്കാർ വാദിച്ചു. നിർമ്മാണത്തിന് ഉപയോഗിച്ചത് ഉരുക്കു കമ്പികളും സിമെന്റും ആയതുകൊണ്ട് മാത്രം അവ കെട്ടിട നിർമ്മിതിയാവില്ലെന്ന് വിലയിരുത്തിയ ട്രൈബ്യൂണൽ അവ മൂലധന സാമഗ്രികളാണെന്ന് പ്രഖ്യാപിക്കുകയും കമ്പനി വാങ്ങിയ ഒമ്പത് ഇനം സാധനങ്ങൾക്ക് ഇൻപുട്ട് നികുതി ഇളവ് അനുവദിക്കണമെന്ന് ഉത്തരവിടുകയും ചെയ്തു. ഇതിനെതിരെ സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ പുനരവലോകന ഹർജി സമർപ്പിച്ചു. ഇൻപുട്ട് നികുതി ഇളവിന് വിധേയമല്ലാത്ത സാമഗ്രികളാണ് കമ്പനി അറ നിർമ്മാണത്തിന് ഉപയോഗിച്ചതെന്നും അറ കെട്ടിട നിർമ്മിതിതന്നെയാണെന്നും സംസ്ഥാന സർക്കാർ വാദിച്ചു. സിമെന്റ് ഫാക്ടറിയിലെ അറ യന്ത്രസംവിധാനമാണെന്നും കെട്ടിട നിർമ്മിതിയല്ലെന്നും വിലയിരുത്തിയ ഹൈക്കോടതി അറ നിർമ്മാണത്തിന് കമ്പനി വാങ്ങിയ എല്ലാ വസ്തുക്കൾക്കും ഇൻപുട്ട് നികുതി ഇളവ് ബാധകമാണെന്ന് വിധിക്കുകയും ട്രൈബ്യൂണലിന്റെ വിധി ശരിവയ്ക്കുകയും സംസ്ഥാന സർക്കാരിന്റെ പുനരവലോകന ഹർജി തള്ളിക്കളയുകയും ചെയ്തു.